പ്രൈവറ്റ് കോളേജുകൾ.

*70. [20] ശ്രീ. പി. കെ. യശോധരൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കൊച്ചി പ്രദേശത്തുള്ള പ്രൈവറ്റ് കോളേജുകൾ ഇപ്പോൾ യൂണിവേഴ്സിറ്റിയുടെ നിയന്ത്രണത്തിലാണോ; ഇല്ലെങ്കിൽ കാരണമെന്ത്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

കൊച്ചി പ്രദേശത്തുള്ള പ്രൈവറ്റ് കോളേജുകൾ ഇവിടത്തെ യൂണിവേഴ്സിറ്റിയുടെ നിയന്ത്രണത്തിലല്ല. അവ മുൻകാലം മുതൽക്കുതന്നെ മദ്രാസ് യൂണിവേഴ്സിറ്റിയുടെ നിയന്ത്രണത്തിലാണ്. തിരുവിതാംകൂർ–കൊച്ചി സംയോജനത്തിനുശേഷം ആ കോളേജുകൾ സംസ്ഥാന യൂണിവേഴ്സിറ്റിയോടുകൂടി അഫിലിയേറ്റ് ചെയ്യാൻ കോളേജ് അധികൃതരോട് ആവശ്യപ്പെട്ടു എങ്കിലും ഇതുവരെ നടന്നിട്ടില്ല.

ശ്രീ. പി. കെ. യശോധരൻ: തിരുവിതാംകൂർ യൂണിവേഴ്സിറ്റിയുടെ റൂൾസുകൾ കൊച്ചിയിലെ കോളേജുകളെ ബാധിക്കുകയില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അവയൊക്കെ തിരുവിതാംകൂർ ഏരിയായിലുള്ള കോളേജുകൾക്കു മാത്രമേ ബാധകമാകയുള്ളൂ.

ശ്രീ. പി. കെ. യശോധരൻ: കൊച്ചിയിലെ പ്രൈവറ്റ് കോളേജുകളെക്കൂടി തിരുവിതാംകൂർ യൂണിവേഴ്സിറ്റിയുടെ നിയന്ത്രണത്തിൽ കൊണ്ടുവരുന്നതിനായി ഒരു നിയമനിർമ്മാണം ചെയ്യാൻ സാധിക്കുകയില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഈ കാര്യത്തെ സംബന്ധിച്ച് നിയമനിർമ്മാണം ചെയ്യുന്നതിനുവേണ്ടി ഒരു ബിൽ യൂണിവേഴ്സിറ്റിയിൽനിന്നും അവതരിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

ശ്രീ. എ. തോമസ്: ഈ സെഷനിൽ അവതരിപ്പിക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഈ സെഷനിൽ സാധിക്കുമോ എന്നു തീർത്തുപറയുന്നില്ല.

കർഷകത്തൊഴിലാളികളുടെ തൊഴിലില്ലായ്മ.

*71. [22] ശ്രീ. വി. ശ്രീധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാട്ടിൻപുറത്തുള്ള കർഷകത്തൊഴിലാളികളുടെ ഇടയിൽ വമ്പിച്ച തൊഴിലില്ലായ്മ നിലവിലുണ്ടെന്നുള്ള വസ്തുത ഗവണ്മെൻറിന് അറിവുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ തൊഴിലില്ലായ്മ പരിഹരിക്കാൻ ഗവണ്മെൻറ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഈ തൊഴിലില്ലായ്മ പരിഹരിക്കാൻ വല്ല നിർദ്ദേശങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എന്ത്?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) അറിയാം.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) രണ്ടാം പഞ്ചവത്സരപദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള വിവിധ പദ്ധതികളും മുഖാന്തിരം കഷ്ടകത്തൊഴിലാളികളുടെ ഇടയിലുള്ള തൊഴിലില്ലായ്മയ്ക്ക് ഏറക്കുറെ പരിഹാരം സിദ്ധിക്കുന്നതാണ്.

ശ്രീ. വി. ശ്രീധരൻ: കഷ്ടത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളവും ഉപയോഗപ്രദമായ വല്ല കണക്കുകളും എടുത്തിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനെ സംബന്ധിച്ച് സ്റ്റാറ്റിസ്റ്റിക്കൽ ഡിപ്പാർട്ട്മെന്റ് ചില കണക്കുകളും ശേഖരിച്ചിട്ടുണ്ട്.

ശ്രീ. വി. ശ്രീധരൻ: അതിന്റെ ഏകദേശ വിവരമെങ്കിലും പറയാൻ മയവുണ്ടാകുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആ കണക്കുകളും ഒന്നും ഇപ്പോൾ എന്റെ കൈവശമില്ല. പ്രത്യേകം ഒരു ചോദ്യമായി ചോദിച്ചാൽ അപ്പോൾത്തന്നെ വരുത്തി വിവരം നൽകുന്നതാണ്.

ശ്രീ. ടി. കെ. ദിവാകരൻ: കഷ്ടത്തൊഴിലാളികളുടെ പാർട്ട് ടൈം വർക്കുകഴിഞ്ഞാൽ പിന്നീട് അവർക്ക് തൊഴിൽ ഉണ്ടാക്കിക്കൊടുക്കുന്നതിനു വല്ല നിർദ്ദേശവും, അല്ലെങ്കിൽ പദ്ധതികളും രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ചെറുകിട വ്യവസായത്തിനെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഉദ്ദേശംതന്നെ ഇതാണല്ലൊ.

ലിഫ്റ്റ് ഇറിഗേഷൻ.

* 72. [23] ശ്രീ. ടി. ഒ. ബാവ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) ഗവണ്മെന്റ് നേരിട്ട് നടത്തുന്ന ലിഫ്റ്റ് ഇറിഗേഷനു ശരാശരി ഒരേക്കറിനു് എത്രയീതം ചെലവു വരുന്നുണ്ട്;

(ബി) ഒരേക്കർ നിലത്തിനു വെള്ളക്കരമായി എത്ര തുകവീതമാണ് ഈടാക്കിക്കൊണ്ടിരിക്കുന്നത്;

(സി) മേലാൽ എത്രയീതമാണ് ഈടാക്കാൻ നിശ്ചയിച്ചിട്ടുള്ളത്;

(ഡി) ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയിൽ ഉൾപ്പെട്ട നിലങ്ങളിൽനിന്നും വെള്ളക്കരം കുടിശ്ശികയായി എത്ര തുക ഈടാകാനുണ്ട്?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ) ഒരേക്കറിനു ശരാശരി 33 രൂപ ചെലവു വരുമെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു.

(ബി) ഒരേക്കറിനു് 25 രൂപ നിരക്കിലാണു ജലനികുതി ചുമത്തിയിരിക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly